**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1583** **31-08-2022 - ൽ മറുപടിയ്ക്ക്**

**നെല്ലിന്റെ താങ്ങുവില വർദ്ധന**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. ഐ .സി .ബാലകൃഷ്ണൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | 2021, 2022 വർഷങ്ങളിൽ കേന്ദ്ര സർക്കാർ നെല്ലിന്റെ താങ്ങുവിലയിൽ വരുത്തിയ വർദ്ധനവ് എത്രയാണെന്ന് അറിയിക്കാമോ; | (എ) | 2021-22 മാർക്കറ്റിംഗ് സീസണിലെ നെല്ലിന്റെ താങ്ങു വില കിലോയ്ക്ക് 18 രൂപ 68 പൈസയിൽ നിന്നും 72 പൈസ വർദ്ധിപ്പിച്ച് 19 രൂപ 40 പൈസയായി കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ചു. 2022-23 മാർക്കറ്റിംഗ് സീസണിലെ നെല്ലിന്റെ താങ്ങു വില 19 രൂപ 40 പൈസയിൽ നിന്നും ഒരു രൂപ വർദ്ധിപ്പിച്ച് 20 രൂപ 40 പൈസയായി നിശ്ചയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വർഷങ്ങളിൽ സംസ്ഥാന സർക്കാർ നെല്ലിന്റെ താങ്ങുവിലയിൽ വരുത്തിയ വർദ്ധനവ് എത്രയാണ്; | (ബി) | 2021-22 വർഷത്തിൽ സംസ്ഥാന സർക്കാർ നെല്ലിന്റെ സംഭരണ വില കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച താങ്ങുവിലയോടൊപ്പം സംസ്ഥാന ഇൻസെന്റീവ് ബോണസായി കിലോയ്ക്ക് 8 രൂപ 60 പൈസ കൂട്ടി ചേർത്ത് 28 രൂപയായി നിശ്ചയിച്ചിരുന്നു. 2022-23 വർഷത്തിൽ സംസ്ഥാന ഇൻസെന്റീവ് ബോണസായി കിലോ ഗ്രാമിന് 8 രൂപ 80 പൈസ കൂടി ചേർത്ത് 28 രൂപ 20 പൈസയായാണ് സർക്കാർ നിശ്ചയിച്ചിരിക്കുന്നത്. |
| (സി) | കേന്ദ്രം വർദ്ധിപ്പിച്ച താങ്ങുവിലയ്ക്ക് ആനുപാതികമായി സംസ്ഥാന സർക്കാർ വരുത്തേണ്ട വർദ്ധനവ് എത്രയാണ്; പ്രസ്തുത വർദ്ധനവ് എന്ന് മുതൽ നടപ്പിൽ വരുത്തുവാൻ ഉദ്ദേശിയ്ക്കുന്നുവെന്ന് വ്യക്തമാക്കാമോ ? | (സി) | സംഭരണവില പുതുക്കി നിശ്ചയിക്കുന്നതനുസരിച്ച് വർദ്ധനവ് നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ